നോർക്കയിൽ സമർപ്പിച്ച പരാതിയിൻമേൽ നടപടി

85 [3782] *ശ്രീ. സി. മോയിൻകുട്ടി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-11-2004-ൽ 7911/04 ആയി ശ്രീ. വിജയൻ ചെട്ടിയാർ നോർക്കയിൽ സമർപ്പിച്ച പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) ഒമാൻ കോടതിവിധി അനുസരിച്ച് കോഴിക്കോട് കല്ലായി പെരോത്ത് രവീന്ദ്രൻ അന്യായക്കാരനായ വിജയൻ ചെട്ടിയാർക്കു കൊടുത്തു തീർക്കാനുള്ള തുക മുഴുവൻ കൊടുക്കാതെ പോലീസിന്റെ കണ്ണുവെട്ടിച്ചു ഒമാൻ വിട്ടതു സംബന്ധിച്ച് ഒമാൻ ഗവൺമെന്റിൽ നിന്നും എന്തെങ്കിലും അന്വേഷണം നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിജയൻ ചെട്ടിയാർക്കു ടി രവീന്ദ്രൻ നൽകാനുള്ള തുക ഈടാക്കി നൽകുന്നതിനുവേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. വിജയൻ ചെട്ടിയാർ സമർപ്പിച്ച പരാതിയിൻമേൽ കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ മുഖാന്തിരം അന്വേഷണം നടത്തിയിട്ടുണ്ട്. പരാതിയിലെ എതിർകക്ഷിയായ രവീന്ദ്രനെപ്പറ്റി അന്വേഷണം നടത്തിയതിൽ ടിയാൻ രണ്ടു മാസമായി സ്ഥലത്തില്ല എന്ന് അറിവായിട്ടുള്ളതായി അന്വേഷണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

ഗൾഫ് രാജ്യങ്ങളിൽ പീഡനമനുഭവിക്കുന്ന ഉദ്യോഗാർത്ഥികൾ

86 [3783] *ശ്രീ. ജോണി നെല്ലൂർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന നിരവധി മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ കൊടിയ പീഡനങ്ങൾ അനുഭവിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകളിൽ വിദേശ മലയാളികളെ സഹായിക്കാൻ കൈക്കൊള്ളുന്ന നടപടികൾ തികച്ചും അപര്യാപ്തമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly